ഭരണഭാഷ - മാതൃഭാഷ

**വളരെ അടിയന്തിരം**
**സമയബന്ധിതം**

നം.സി4/27031/16/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 08.06.2018
ഫോൺ: 0471-2303107

## സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന പിന്നോക്ക കമ്മീഷൻ - കേരള സംസ്ഥാന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ജാതി സമുദായങ്ങളുടെ പ്രാതിനിധ്യം - വിവരങ്ങൾ വെബ് പോർട്ടലിൽ ചേർത്തത്- സംബന്ധിച്ച്.

സൂചന:-

1. കേരള സംസ്ഥാന പിന്നോക്ക കമ്മീഷൻ രജിസ്ട്രാറിൽ നിന്നുള്ള 24.05.2016 ലെ 811/A2/2011/KSCBC നമ്പർ കത്ത്.
2. ഈ ഓഫീസിലെ 29.08.2017 ലെ ഉത്തരവ്.
3. ഇതേ ഫയൽ നമ്പർ 21.10.2017, 01.02.2018, 03.05.2018 തീയതികളിലെ സർക്കുലറുകൾ.
4. ഈ ഓഫീസിലെ ഗവൺമെന്റ് ലോ കോളേജ് പ്രിൻസിപ്പാൾ മാർക്കുള്ള 07.03.2018 ലെ കത്ത്.
5. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 07.06.2018 ന് നിയമസഭാ സമുച്ചയത്തിൽ നടന്ന മീറ്റിംഗ്.

*****

കേരള സംസ്ഥാന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ജാതി/സമുദായങ്ങളുടെ പ്രതിനിധ്യം സംബന്ധിച്ച് വിവരങ്ങൾ കേരള സംസ്ഥാന പിന്നോക്ക കമ്മീഷൻ ആരംഭിച്ചിട്ടുള്ള വെബ് പോർട്ടലിൽ (e-CDESK) അടിയന്തിരമായി ചെയ്തു തീർക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃതത്തിൽ നടന്ന മീറ്റിംഗിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളും (ലോ കോളേജ് ഉൾപ്പെടെ) അവരവരുടെ സ്ഥാപനത്തിലെ വിവിധ ജാതി / സമുദായങ്ങളിൽപ്പെട്ട എല്ലാ അദ്ധ്യാപക/ അനദ്ധ്യാപകരുടേയും വിവരങ്ങൾ പരിശോധിക്കുകയും വെബ് പോർട്ടലിൽ ചേർക്കുകയും വേണ്ടതാണ്. ഗസറ്റഡ് ജീവനക്കാരുടെ എൻടൈറ്റിൽമെന്റ് രജിസ്റ്റർ / ബന്ധപ്പെട്ട രേഖകൾ സ്ഥാപനമേധാവി ബന്ധപ്പെട്ട അക്കൗണ്ട് ജനറൽ ഓഫീസിൽ നിന്ന് ഈ ആവശ്യത്തിനായി പ്രത്യേകദൂതൻ വശം ലഭ്യമാക്കി വിവരങ്ങൾ വെബ് പോർട്ടലിൽ ചേർക്കേണ്ടതാണ്. അതാത് സ്ഥാപനമേധാവികൾ തങ്ങളുടെ കീഴിലുള്ള എല്ലാ വിഭാഗം ജീവനക്കാരുടേയും (കരാർ, ദിവസവേതനം ഒഴികെ) വിവിധ ജാതി/സമുദായങ്ങളുടെ

9356 GOVERNMENT OF KERALA 2017-18

വിവരങ്ങൾ 16.06.2018 തീയതിയ്ക്കകം വെബ് പോർട്ടലിൽ ചേർക്കേണ്ടതും ഇതോടൊപ്പം സമർപ്പിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഈ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ഉൾപ്പെടെ 16.06.2018 തീയതിയ്ക്കകം e-mail മുഖാന്തിരം അയച്ചുതരുകയും ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ കർശനമായും സമയപരിധി പാലിക്കേണ്ടതാണ്. വെബ് പോർട്ടലിൽ ചേർക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നു എങ്കിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ നോഡൽ ഓഫീസറായ ശ്രീമതി.റ്റി.പി.മഞ്ജുളയെ 0471-2303107(extn-214), 9496193497(mob) എന്നീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. നിശ്ചിത തീയതിയ്ക്കകം ടി ജോലി ചെയ്തു തീർക്കാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അക്കാര്യം ഗൗരവമായി കണക്കാക്കുന്നതും അത്തരം സ്ഥാപന മേധാവികളുടെ പേരുവിവരം സർക്കാരിൽ അറിയിക്കുന്നതുമാണ്.

ഒപ്പ്/-
എ.സീതാലക്ഷ്മി അമ്മ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2305547
srao.colledn@kerala.gov.in

പകർപ്പ്:-

1. എല്ലാ ലോ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും
3. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മാത്രം )

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡിജെ1—08.06.2018

7535961

ഭരണഭാഷ - മാതൃഭാഷ

സ്ഥാപനത്തിന്റെ പേര്
തീയതി

## സാക്ഷ്യപത്രം

ഈ സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്ന എല്ലാ അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാരുടേയും ജാതി /സമുദായ വിവരങ്ങൾ KSBC യുടെ വെബ് പോർട്ടലിൽ ചേർത്തിട്ടുണ്ട്.

| ആകെ എണ്ണം | അനുവദിച്ചത് | നിലവിലുള്ളത് | വെബ് പോർട്ടലിൽ ചേർത്തത് |
|---|---|---|---|
| അനദ്ധ്യാപകർ | | | |
| അദ്ധ്യാപകർ | | | |

സ്ഥാപനമേധാവിയുടെ പേര്
ഒപ്പ്

GOVERNMENT OF KERALA

0147202